"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മങ്കട ബ്ലോക്ക് പഞ്ചായത്ത് - സാമൂഹികാരോഗ്യ കേന്ദ്രത്തിലെ രാത്രികാല സേവനത്തിന് ഡോക്ടറേയും പാരമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ച പദ്ധതി തുടരുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2267/2023/LSGD    തീയതി,തിരുവനന്തപുരം, 18-11-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(സാധാ) നം.1523/2023/തസ്വഭവ; തീയതി 26.07.2023
3. 25.10.2023ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ
4. മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.10.2023ലെ 03/1 നമ്പർ അടിയന്തര യോഗ തീരുമാനവും.

**ഉത്തരവ്**

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇനി മുതൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നിയമിക്കുന്ന ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം നിലവിലെ മാർഗ്ഗരേഖ പ്രകാരമുള്ള രീതിയിൽ തന്നെ നിലനിർത്തണമെന്ന് പരാമർശം (3) പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രകാരം സി.എച്ച്.സി. കളിൽ രണ്ട് ഡോക്ടർ, രണ്ട് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കാനാകുക.

2. മങ്കട ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, സി.എച്ച്.സി.യിലേക്ക് രാത്രികാല സേവനത്തിന് ഡോക്ടറേയും പാരമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കൽ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. മുൻ വർഷങ്ങളിൽ തുടർന്ന് വരുന്ന ഈവനിംഗ് ഒ.പി. പദ്ധതിയിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നിവർക്ക് പുറമെയാണ് രാത്രികാല സേവനം നൽകുന്നതിനുള്ള പദ്ധതിയിൽ രണ്ട് ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, രണ്ട് നഴ്സിംഗ് അസിസ്റ്റൻറ്, രണ്ട് ഫാർമസിസ്റ്റ്, രണ്ടു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെയും സേവനം, മങ്കട ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ലാ പഞ്ചായത്ത്, മങ്കട ഗ്രാമപഞ്ചായത്ത് എന്നിവരുടെ തനത് ഫണ്ട് ഉപയോഗിച്ച്, നിലവിൽ ഉപയോഗപ്പെടുത്തി വരുന്നത്. പരാമർശിത ഉത്തരവുകളിലെയും സർക്കുലറിലെയും വ്യവസ്ഥകൾ പ്രകാരം രാത്രി കാല ഒ.പി.ക്ക് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ

അനുമതിയില്ലാത്തതിനാൽ രാത്രികാല സേവനത്തിന് തനത് ഫണ്ട് ഉപയോഗിച്ച് രണ്ട് ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, രണ്ട് നഴ്സിംഗ് അസിസ്റ്റൻറ്, രണ്ട് ഫാർമസിസ്റ്റ്, രണ്ട് ക്ലീനിംഗ് സ്റ്റാഫ് എന്നീ താത്കാലിക ജീവനക്കാരെ നിലനിർത്തികൊണ്ട് പ്രൊജക്റ്റ് തുടർന്നു കൊണ്ടുപോകുന്നതിന് അനുമതി നൽകണമെന്ന് മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ട്രൈബൽ കോളനി ഉൾപ്പെടെ ദരിദ്രരായ ജനങ്ങൾ താമസിച്ചു വരുന്നതും രാത്രി കാലങ്ങളിൽ പ്രൈവറ്റ് മേഖലയിൽ പോലും ആരോഗ്യ സേവനം പരിമിതമായ പ്രദേശത്തുമാണ് മങ്കട ബ്ലോക്ക് പഞ്ചായത്ത് സി.എച്ച്.സി. പ്രവർത്തിക്കുന്നത്. ധാരാളം രോഗികൾ ഈ രാത്രികാല ഒ.പി. സേവനം പ്രയോജനപ്പെടുത്തി വരുന്നുമുണ്ട്. മേൽ സാഹചര്യം കണക്കിലെടുത്ത്, മങ്കട ബ്ലോക്ക് പഞ്ചായത്ത് നൂതന പദ്ധതിയായി ഏറ്റെടുത്ത് നടപ്പാക്കി വരുന്ന സി.എച്ച്.സി. യിലേക്ക് രാത്രികാല സേവനത്തിന് ഡോക്ടറേയും പാരമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കൽ എന്ന പദ്ധതി നിലവിൽ പ്രവർത്തിച്ചു വരുന്ന രീതിയിൽ തുടരുന്നതിന്, പരാമർശിത സർക്കുലർ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച്, പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, മങ്കട ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
4. ജോയിന്റ് ഡയറക്ടർ- മലപ്പുറം, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
6. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
7. ഡയറക്ടർ ജനറൽ, കില
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
10. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 18-11-2023 14:02:44

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്